"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - വിനോദയാത്രയ്ക്കിടെ നേപ്പാളിലെ ഹോട്ടൽ മുറിയിൽ വച്ച് വിഷ വാതകം ശ്വസിച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്.-എ) വകുപ്പ്

G.O.(Ms) No.162/2021/RD തീയതി,തിരുവനന്തപുരം, 18/08/2021

---

പരാമർശം:-

1. തിരുവനന്തപുരം ജില്ലാകളക്ടറുടെ 31.01.2020, 09.03.2021 എന്നീ തീയതികളിലെ എ5/E-250587/2020 നമ്പർ കത്തുകൾ
2. കോഴിക്കോട് ജില്ലാകളക്ടറുടെ 23.07.2021 ലെ DCKKD/3537/2018-D1 നമ്പർ കത്ത്

<u>ഉത്തരവ്</u>

വിനോദയാത്രയ്ക്കിടെ നേപ്പാളിലെ ഹോട്ടൽ മുറിയിൽ വച്ച് വിഷ വാതകം ശ്വസിച്ച് മരണപ്പെട്ട പ്രവീൺ നായരുടെ മാതാപിതാക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2,50,000/- (രണ്ടര ലക്ഷം ) രൂപ വീതവും മരണപ്പെട്ട രഞ്ജിത്ത്, ഇന്ദുലക്ഷ്മി ദമ്പതികളുടെ മകനായ മാധവ് രഞ്ജിത്തിന് 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. കുട്ടിയ്ക്ക് അനുവദിക്കുന്ന 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) രൂപ കുട്ടിയ്ക്ക് ( മാധവ് രഞ്ജിത്ത്) 18 വയസ്സാകുന്നത് വരെ ദേശസാൽകൃതബാങ്കിൽ സ്ഥിരനിക്ഷേപം ചെയ്ത് പലിശ കുട്ടിയുടെ പഠനാവശ്യത്തിന് ഉപയോഗിക്കുന്നതിന് ആവശ്യമായ നടപടികൾ കോഴിക്കോട് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

വിതരണത്തിന് ആവശ്യമായി വരുന്ന ആകെ 15,00,000/- രൂപയിൽ ( പതിനഞ്ച് ലക്ഷം രൂപ മാത്രം) 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും 5 ലക്ഷം രൂപ തിരുവനന്തപുരം ജില്ലാ കളക്ടർക്കും 10 ലക്ഷം രൂപ കോഴിക്കോട് ജില്ലാ കളക്ടർക്കും അനുവദിക്കേണ്ടതും, ജില്ലാ കളക്ടർമാർ ടി തുക താമസംവിനാ വിതരണം നടത്തി വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Dr A Jayathilak I A S

Additional Chief Secretary

ജില്ലാ കളക്ടർ, തിരുവനന്തപുരം / കോഴിക്കോട് .
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

പൊതുഭരണ ( എസ്സ്. സി ) വകുപ്പ് (17/08/2021 തീയതിയിലെ ഇനം നം. 200 പ്രകാരം)

ധനകാര്യ (ഫണ്ട്സ്) വകുപ്പ്.

നോർക്ക വകുപ്പ്

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Misha C P
Date: 18-08-2021 17:40:16
Reason: Approved

സെക്ഷൻ ഓഫീസർ